**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2269** **21-06-2024 - ൽ മറുപടിയ്ക്ക്**

**സപ്ലൈകോയിലെ ജീവനക്കാരുടെ എണ്ണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സജീവ് ജോസഫ്** | | **ശ്രീ ജി ആർ അനിൽ**<br>**(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | സപ്ലൈകോയിലെ നിലവിലെ ജീവനക്കാരിൽ താൽക്കാലികം, ദിവസവേതനം, സ്ഥിരം, കരാർ അടിസ്ഥാനം, ഡെപ്യൂട്ടേഷൻ എന്നീ വിഭാഗങ്ങളിലായി എത്ര വീതം ജീവനക്കാരുണ്ടെന്ന് അറിയിക്കാമോ; 2022 സാമ്പത്തിക വർഷത്തിന്റെ അവസാനം സപ്ലൈകോയിൽ പ്രസ്തുത വിഭാഗങ്ങളിലായി ഉണ്ടായിരുന്ന ജീവനക്കാരുടെ എണ്ണം വ്യക്തമാക്കാമോ; | (എ) | സപ്ലൈകോയിലെ വിവിധ വിഭാഗങ്ങളിലെ ജീവനക്കാരുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | സപ്ലൈകോയുടെ അൻപതാം വാർഷികം ആഘോഷിക്കാൻ സർക്കാരോ ഭക്ഷ്യപൊതുവിതരണ വകുപ്പോ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി തുക നീക്കിവച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ബി) | **സപ്ലൈകോയുടെ അമ്പതാം വാർഷികം ആഘോഷിക്കുവാൻ സപ്ലൈകോ തീരുമാനിച്ചിട്ടുണ്ട്. ഉദ്ഘാടന ചടങ്ങും മറ്റ് പ്രൊമോഷണൽ ആക്ടിവിറ്റികളും നടത്തുന്നതിനും, സപ്ലൈകോയുടെ അമ്പതാം വാർഷികം ആഘോഷിക്കുന്നതുമായി ബന്ധപ്പെട്ട് സപ്ലൈകോയുടെ സെയിൽസ് പ്രൊമോഷന് വേണ്ടിയുള്ള വിവിധ ഡിസ്കൗണ്ട് ഓഫറുകൾ നൽകുന്നത് ഉൾപ്പെടെയുള്ള പദ്ധതികൾ നടപ്പിലാക്കുവാനും വിവിധ സ്ഥലങ്ങളിൽ സെമിനാറുകൾ ഉൾപ്പെടെയുള്ള പരിപാടികൾ സംഘടിപ്പിക്കുവാനും ഗോഡൗണുകളും ഔട്ട്ലെറ്റുകളും ഘട്ടം ഘട്ടമായി നവീകരിക്കുന്നതിനും പദ്ധതിയുണ്ട്. തുക നീക്കി വയ്ക്കുന്നത് സംബന്ധിച്ച് അന്തിമ തീരുമാനം ആയിട്ടില്ല.** |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| | നിലവിലെ ജീവനക്കാരുടെ എണ്ണം | 2022 സാമ്പത്തിക വർഷത്തിന്റെ അവസാനം ഉണ്ടായിരുന്ന ജീവനക്കാറുടെ എണ്ണം |
|---|---|---|
| ദിവസവേതന ജീവനക്കാർ | 3043 | 5122 |
| സ്ഥിരം ജീവനക്കാർ | 2720 | 2401 |
| കരാർ ജീവനക്കാർ | 254 | 274 |
| ഡെപ്യൂട്ടേഷൻ ജീവനക്കാർ | 834 | 975 |